പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1789 11.02.2013-ൽ മറുപടിക്ക്.

**ലോക്കൽ സെൽഫ് ഗവൺമെന്റ് ഡെലിവറി പ്രോജക്ട്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | 2012-13 വാർഷിക ബഡ്ജറ്റിൽ വിഭാവനം ചെയ്ത ലോക്കൽ സെൽഫ് ഗവൺമെന്റ് ഡെലിവറി പ്രോജക്ട്, സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങളും പ്രോജക്ട് പ്രകാരം നടപ്പിലാക്കിയ കാര്യങ്ങളും വെളിപ്പെടുത്തുമോ; | (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുന്നതിനായി ലോകബാങ്ക് സഹായത്തോടെ 2011-12 വർഷം സർക്കാർ ആരംഭിച്ച കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിൽ (കെ.എൽ.ജി.എസ്.ഡി.പി.) ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും മൂലധന ആസ്തികൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും വഴി സേവന പ്രദാനം മെച്ചപ്പെടുത്തുന്നതാണ്. കൂടാതെ കാര്യശേഷി വികസനം, തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ സർക്കാർ തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തൽ, പ്രോജക്ട് മാനേജ്മെന്റ് നിർവ്വഹണം എന്നീ ഘടകങ്ങളും ഈ പ്രോജക്ടിൽ ഉൾപ്പെടുന്നു. കാര്യശേഷി വികസനത്തിന്റെ ഭാഗമായി 2012-13 വർഷം സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തിലേയും മുനിസിപ്പാലിറ്റികളിലേയും അസ്സിസ്റ്റന്റ് എഞ്ചിനിയർ, പ്ലാൻക്ലാർക്ക്, ഓവർസിയർ എന്നിവർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന പ്രോജക്ട് സംബന്ധിച്ച പരിശീലനം നൽകുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള |

| | | | |
|---|---|---|---|
| | | | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാർക്കും പരിശീലനം നൽകി. തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ സംസ്ഥാന തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തലിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഡീസെൻട്രലൈസേഷൻ അനാലിസിസ് സെൽ (ഡി.എ.സി) മുഖേന വിവരശേഖരം, സേവന പ്രദാന സർവ്വെ എന്നിവ ആരംഭിച്ചു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാനശിലയായ ഗ്രാമസഭകളെ സജീവമാക്കുന്നതിനായി കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ട് മുഖേന ഗ്രാമയാത്ര പരിപാടി ബഹു.പഞ്ചായത്ത് വകുപ്പ് മന്ത്രി നേരിട്ട് നേതൃത്വം നൽകി എല്ലാ അസംബ്ലി മണ്ഡലത്തിലും സംഘടിപ്പിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രോജക്ട് പ്രകാരം നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ? | (സി) | പ്രസ്തുത പ്രോജക്ട് പ്രകാരം നാളിതുവരെ 149 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫിസർ